## വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

## കേരള പാഠാവലി– X

### പ്രിയദർശനം – 02

♥ മുൻ ക്ലാസിൽ നൽകിയ തുടർ പ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി

■ കവിത ഭാവാത്മകമായി ചൊല്ലിയവതരിപ്പിക്കുക.

■ മധുരിമ എന്ന കുട്ടിയുടെ കവിതാലാപനം കേൾപ്പിച്ചു.

♥ ഭാവാത്മകമായ അവതരണത്തെ വിലയിരുത്താനുള്ള സൂചകങ്ങൾ പരിചയപ്പെടുത്തി.

■ കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്
■ കവിതയുടെ ഭാവം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്
■ അക്ഷരസ്ഫുടത പാലിച്ചിട്ടുണ്ട്
■ അർത്ഥ വ്യക്തതയോടെ വരികൾ മുറിക്കുകയും അന്വയിക്കുകയും ചെയ്തിട്ടുണ്ട്.
■ ഭാവത്തിന് ഉചിതമായ ഈണം നൽകിയിട്ടുണ്ട്.

♥ ശോകാവസ്ഥയിലുള്ള / ദുഃഖകരമായ സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന പാട്ടുകളാണ് ശോകഗാനങ്ങൾ എന്ന് പറഞ്ഞു.

♥ അർത്ഥപൂർത്തിയും നിയതമായ വ്യവസ്ഥയും ഉള്ള നാല് വരികൾ ചേർന്ന പദ്യ ഖണ്ഡമാണ് ശ്ലോകം എന്ന് പരിചയപ്പെടുത്തി.

♥ പാഠഭാഗത്തുള്ള ഒന്നാമത്തെ ശ്ലോകം പാടിയവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[ കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
..................................................
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ, ]

■ എന്റെ ഭാഗ്യം ഉടലുപൂണ്ടെത്തിയത് പോലെയാണ് അങ്ങ് ഇവിടെ പ്രത്യക്ഷപ്പെട്ടത്. എന്റെ കഷ്ടകാലം കഴിഞ്ഞിരിക്കുന്നു. അല്ലയോ മഹാത്മാവേ, പണ്ട് അങ്ങയ്ക്ക് പ്രിയങ്കരിയായിരുന്ന നളിനിയാണ് ഞാൻ.

തന്നെ തിരിച്ചറിയാത്ത ദിവാകരനോട് സ്വയം പരിചയപ്പെടുത്തിക്കൊണ്ട്  നളിനി സംസാരിച്ചു തുടങ്ങുന്നതാണ് സന്ദർഭം.

ഹാ! എന്ന ശബ്ദം നളിനി അപ്പോൾ അനുഭവിക്കുന്ന ആശ്വാസത്തിന്റെയും നിർവൃതിയുടെയും അടയാളം കൂടിയാണ്.
ജീവിതത്തിലെ കാത്തിരിപ്പിന്റെയും വേദനയുടെയും ഭാരമിറക്കി വെച്ചതിലെ ആശ്വാസം.

■ കുട്ടിക്കാലത്ത് നളിനിയും ദിവാകരനും എത്രമേൽ പ്രിയങ്കരരായിരുന്നു എന്നതിനെ സൂചിപ്പിക്കാൻ നളിനിയിലെ മറ്റൊരു ശ്ലോകം ഉദാഹരിച്ചു.

■ ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ
കൊച്ചു വാർമുടിയിലങ്ങണിഞ്ഞതും.

♥ ശ്ലോകം - രണ്ട് , ചൊല്ലി വിശദീകരിച്ചു.

[പ്രാണനോടുമൊരുനാൾ ഭവൽ പദം
............................................
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.]

■ എന്നെങ്കിലും ഭവാനെ കാണുമെന്ന് കൊതിച്ചു കൊണ്ട് ജീവന് ഒരപകടവും വരുത്താതെ ഞാൻ ഇവിടെ കണ്ണീരുമായി കഴിഞ്ഞു കൂടി.
പ്രാർത്ഥനാ നിരതനായ ഒരു ജീവിയുടെ ആഗ്രഹം ഈശ്വരൻ നിറവേറ്റുക തന്നെ ചെയ്യും.

വീണ്ടും ഒരാത്മഹത്യയ്ക്ക് തുനിയാതെ ദിവാകരനെ കണ്ടുമുട്ടുമെന്ന പ്രതീക്ഷയിൽ നളിനി കാത്തിരുന്നു. പ്രാർത്ഥനാ നിരതമായ തന്റെ ജീവിതത്തിൽ ദിവാകര ദർശനം ഉണ്ടാകുമെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. കാരണം, അഭീഷ്ടദായകനാണ് ഈശ്വരൻ.

■ അനുബന്ധമായി പൊയ്ലോ കൊയ്ലോയുടെ 'ആൽക്കമിസ്റ്റ്'ലെ പ്രസിദ്ധ വാക്യം ഓർമ്മപ്പെടുത്തി.

🍁നിങ്ങൾ ഒരു കാര്യം തീവ്രമായി ആഗ്രഹിച്ചാൽ അതു സാധിച്ചു തരാൻ പ്രപഞ്ചം മുഴുവൻ നിങ്ങൾക്കുവേണ്ടി ഗൂഢാലോചന നടത്തും.

♥ ശ്ലോകം - മൂന്ന്, ചൊല്ലി വിശദീകരിച്ചു.

[സന്യസിച്ചളവു മാസ്ഥയാൽ ഭവാൻ -
..............................................
ങ്ങെന്നെയോർക്കില്ല മോർത്തിടായ്കിലും]

■ അങ്ങ് സന്ന്യാസം വരിച്ചത് ഞാൻ അറിഞ്ഞു. താത്പര്യപൂർവ്വം ഞാനും താപസിയായി. ഇപ്പോൾ അങ്ങയെ കണ്ടതിനാൽ ഞാൻ ധന്യയായിരിക്കുന്നു. അങ്ങ് എന്നെ ഓർത്താലും ഓർത്തില്ലെങ്കിലും കൊള്ളാം.

ഒരു കാമുകിയുടെ മധുരമുള്ള കുറ്റപ്പെടുത്തലിന്റെയും പരിഭവം പറച്ചിലിന്റെയും തലം ഈ വാക്കുകളിൽ കാണാം.

എല്ലാം ഉപക്ഷിച്ച് സന്ന്യാസിമാർഗത്തിലേക്ക് വന്നപ്പോഴും ദിവാകരനോടുള്ള ഉള്ളിലെ ഇഷ്ടം നളിനിയിൽ നില നിൽക്കുന്നുണ്ടായിരുന്നു.

ദിവാകരൻ തന്നെ  തിരിച്ചറിഞ്ഞില്ലെങ്കിലും  ആ ഇഷ്ടം തിരികെ ലഭിച്ചില്ലെങ്കിലും നളിനി കൃതാർത്ഥയാണ്.

[ ആദ്യ മൂന്ന് ശ്ലോകങ്ങൾ നളിയുടെ സംഭാഷണങ്ങളാണ്. അഞ്ചാം ശ്ലോകം കവിയുടെ നിരീക്ഷണവും ആറാം ശ്ലോകം  സന്ദർഭത്തിന്റെ വിവരണവും ഉൾക്കൊള്ളുന്നു ]

♥ ശ്ലോകം - നാല് - ചൊല്ലി വിശദീകരിച്ചു.

[എവമോതിയിടരാർന്ന കണ്ണുനീർ
..........................................
ലീവിധം വികലമാം സുഖോദയം]

■ ദുഃഖത്തോടെ ഇപ്രകാരം പറഞ്ഞ്, വാക്കുകൾ കിട്ടാതെ (ഗദ്ഗദകണ്ഠയായി )
കണ്ണീരൊഴിക്കിക്കൊണ്ട് അവൾ നിന്നു.
വികാരശീലൻമാർ വിരഹാനന്തരം (വേർപിരിയലിന് ശേഷം ) പരസ്പരം കണ്ടുമുട്ടുമ്പോൾ അപ്പോൾ ഉണ്ടാകേണ്ട  ആഹ്ലാദം വൈകാരിക പ്രകടനങ്ങളാൽ കലങ്ങി മറിയും.

■ സമാനമായ പുനർസമാഗമ സന്ദർഭം എന്ന നിലയിൽ 'ഋതുയോഗ'ത്തിലെ , ദുഷ്ഷന്തനും ശകുന്തളയും കണ്ടുമുട്ടുന്ന ഭാഗം ചൂണ്ടിക്കാട്ടി.

■ ശകുന്തള :

ഹൃദമേ , ഇനി ആശ്വസിക്കാം , ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു. ഇത് ആര്യപുത്രൻ തന്നെ.

രാജാവ് :
മോഹമകന്നു തെളിഞ്ഞേൻ
മോഹന തന്വ : വന്നു നീയുമെന്നരികിൽ
രാഹുവിനെ വിട്ടു ചന്ദ്രൻ
രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ

♥ ശ്ലോകം - അഞ്ച്, ചൊല്ലി വിശദീകരിക്കുകയും അതിലെ  അലങ്കാര ഭംഗി വ്യക്തമാക്കുകയും ചെയ്യു.

[ ധീരനായ യതി നോക്കി തന്വിതൻ
.................................................
ധാരയാർന്ന പനിനീർ സുമോപമം. ]

■ ചുവന്ന് തുടുത്ത് കണ്ണീർ ഒഴുകിക്കൊണ്ടിരിക്കുന്ന നളിനിയുടെ മുഖത്തേക്ക് പ്രഭാതത്തിലെ മഞ്ഞണിഞ്ഞ പനിനീർ പൂവിലേക്കെന്ന പോലെ മനോനിയന്ത്രണം സാധിച്ച ആ യമി ( സന്ന്യാസി) നോക്കി നിന്നു.

നളിനിയുടെ മുഖത്തെ ഇവിടെ പ്രഭാതത്തിലെ പനിനീർ പൂവിനോട് സാദൃശ്യപ്പെടുത്തുന്നു. നളിനിയുടെ കവിളിലെ തുടുപ്പിനെ പനിനീരിന്റെ ചുവന്ന നിറത്തോടും കണ്ണീരിനെ പൂവിൽ ഒട്ടിനിൽക്കുന്ന മഞ്ഞുതുള്ളികളോടും ചേർത്തു വെക്കുന്നു.

കവിതയ്ക്ക് ഭംഗികൂട്ടാൻ വേണ്ടി കവികൾ നടത്തുന്ന ഇത്തരം പ്രയോഗവിശേഷങ്ങളാണ് അലങ്കാരങ്ങൾ.

♥ ശ്ലോകം - ആറ്, ചൊല്ലി വിശദീകരിച്ചു.

[ ആരതന്നുടനറിഞ്ഞു കൗതുകം
............................................
ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ ]

■ ഉടൻ അതാരാണെന്ന് തിരിച്ചറിഞ്ഞ് (ദിവാകരൻ നളിനിയെ തിരിച്ചറിയുന്നു ) വർദ്ധിച്ച കൗതുകത്തോടു കൂടി പണ്ട് തങ്ങൾ ഒരുമിച്ച് കഴിഞ്ഞതോർത്ത് , ആ ബാല്യകാല കഥകൾക്കനുയോജ്യമായ വാക്കുകൾ ദിവാകരയോഗി പറഞ്ഞു തുടങ്ങി.

ഇപ്പോൾ ദിവാകരയോഗി നളിനിയുടെ കാര്യത്തിൽ തല്പരനായി മാറിയിരിക്കുന്നു എന്ന് സാരം.

■ അനുബന്ധമായി സാന്ദ്ര സൗഹൃദം (കേരള പാഠാവലി- 8 ) എന്ന പാഠഭാഗത്തിലെ കൃഷ്ണന്റെയും കുചേലന്റെയും സമാഗമം സൂചിപ്പിച്ചു.

തുടർ പ്രവർത്തനങ്ങൾ :

1. ചമൽക്കാര ഭംഗി വിശദമാക്കുക.

ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം ;
പൂരിതാഭയോടുഷസ്സിൽ മഞ്ഞു തൻ
ധാരയാർന്ന പനിനീർ സുമോപമം.

2. സമാഗമങ്ങൾ എപ്പോഴും ആനന്ദക്കണ്ണീരിന്റേതു കൂടിയാണ്.

ഋതുയോഗത്തിലെ ശകുന്തളയുടെയും ദുഷ്ഷന്തന്റേയും കണ്ടുമുട്ടൽ, നളിനിയുടെയും ദിവാകരന്റെയും പുന:സമാഗമം എന്നിവയുടെ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക ?

നവാസ് മന്നൻ
GHSS ശ്രീ കണ്ഠപുരം